(ഐ) എങ്കിൽ ഡയറക്ടർ ബോർഡിന്റെ അനുമതി ഇല്ലാതെ ഏതെങ്കിലും സഹകരണ സ്ഥാപനം അക്കാദമിക്ക് പണം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സഹകരണ അക്കാദമിയുടെ പ്രവർത്തനത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 476 ലക്ഷം രൂപ സ്വരൂപിച്ചിട്ടുണ്ട്.

1. സംസ്ഥാന സഹകരണബാങ്ക്	- 100 ലക്ഷം രൂപ
2. എറണാകുളം ജില്ലാ സഹകരണബാങ്ക്	- 75 ലക്ഷം രൂപ
3. തിരുവനന്തപുരം ജില്ലാസഹകരണബാങ്ക്	- 75 ലക്ഷം രൂപ
4. കൊല്ലം ജില്ലാസഹകരണ ബാങ്ക്	- 50 ലക്ഷം രൂപ
5. ആലപ്പുഴ ജില്ലാ സഹകരണബാങ്ക്	- 75 ലക്ഷം രൂപ
6. കോഴിക്കോട് ജില്ലാ സഹകരണബാങ്ക്	- 50 ലക്ഷം രൂപ
7. പാലക്കാട് ജില്ലാ സഹകരണബാങ്ക്	- 50 ലക്ഷംരൂപ
8. പത്തനംതിട്ട ജില്ലാ സഹകരണബാങ്ക്	- 1 ലക്ഷം രൂപ.
ആകെ	476 ലക്ഷം രൂപ

(സി) ഉണ്ട്.

(ഡി) 1969 -ലെ കേരള സംസ്ഥാന സഹകരണ നിയമത്തിലെ 56-ാം വകുപ്പ് പ്രകാരം.

(ഇ) ഇല്ല.

(എഫ്&ജി) പൊതുനന്മ ഫണ്ടിൽ നിന്നും തുക നൽകുന്നത് സഹകരണ സംഘം നിയമത്തിലെയും അതാതു ബാങ്കുകളുടെ ബൈലായിലേയും വ്യവസ്ഥകൾ പ്രകാരമാണ്.

(എച്ച്) ഉണ്ട്.

(ഐ) ഇല്ല.

പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിന് പഠനം

14 (*344) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വിഭാഗങ്ങളാണ് ഏറ്റവും പിന്നോക്കം നിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർ കൂടുതൽ അധിവസിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഭൂരഹിതരും ഭവനരഹിതരുമായ ഇവർക്ക് എന്തെല്ലാം സഹായമാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത സഹായങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതിയിൽപ്പെട്ട വിഭാഗങ്ങളെക്കുറിച്ച് കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) നായാടി, മാവിലൻ, കരിംപാലൻ, വേടൻ, കാസർഗോഡ് ജില്ലയിലെ വേട്ടുവൻ എന്നീ പട്ടികജാതി വിഭാഗങ്ങളാണ് ഏറ്റവും പിന്നോക്കം നിൽക്കുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത്.

(സി) ഇവർ താഴെ പറയുന്ന പ്രദേശങ്ങളിലാണ് കൂടുതലായി കണ്ടുവരുന്നത്.

നായാടി - പാലക്കാട്, തൃശൂർ ജില്ലകളിൽ

വേടൻ - ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലും, കൂടാതെ കോട്ടയം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലും കാണുന്നു.

മാവിലൻ - കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ

കരിംപാലൻ - കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ

വേട്ടുവൻ - കാസർഗോഡ് ജില്ലയിൽ.

(ഡി) ഇവർക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 25,000 രൂപയും അതിൽ വീടുവയ്ക്കുന്നതിന് 35,000 രൂപയും ഗ്രാന്റായി നൽകിവരുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പ്രീ-മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസം 25 രൂപ മുതൽ 35 രൂപാവരെ നിരക്കിൽ സ്റ്റൈപ്പന്റും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവർക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 25,000 രൂപയും അതിൽ വീടുവയ്ക്കുന്നതിന് 35,000 രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ മുഖേന ഗ്രാന്റായി നൽകിവരുന്നു.

(എഫ്) പ്രീ-മെട്രിക് തലത്തിൽ ടി വിഭാഗങ്ങൾക്ക് നൽകിവരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധനനിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന കേസുകൾ

15 (*345) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ നിയമപ്രകാരമുള്ള കേസുകൾ നേരിട്ട് സെഷൻസ് കോടതികളിൽ ഫയൽ ചെയ്യാമെന്ന ഹൈക്കോടതി വിധി റദ്ദാക്കി കൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ ; ഈ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ പട്ടിക ജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന എത്ര കേസുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ ; ഇപ്രകാരം വീഴ്ച വരുത്തിയ ഏതൊക്കെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) ഇത്തരമൊരു വാർത്ത ശ്രദ്ധയിൽ വന്നിട്ടുണ്ട്. വിധിയുടെ പകർപ്പ് കിട്ടിയിട്ടില്ല. കിട്ടിയതിനുശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധനനിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതായ കേസുകൾ അപ്രകാരം രജിസ്റ്റർ ചെയ്യാതിരുന്നതായി ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേസുകളിൽ ടി നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട നിർദ്ദേശം പോലീസ് അധികൃതർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly